**14-ാം കേരള നിയമ സഭ**

**14-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.170** **06-02-2019 -ൽ മറുപടിയ്ക്ക്**

**റേഡിയേഷൻ സുരക്ഷാ മാനദണ്ഡങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ടി.വി.ഇബ്രാഹിം**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.ടി.എ അഹമ്മദ് കബീർ**<br>**ശ്രീ.പി.ഉബൈദുള്ള** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പ മന്ത്രി)** |
| (എ) ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ റേഡിയേഷൻ സുരക്ഷാ പരിശോധനയിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലോ മെഡിക്കൽ കോളേജുകളിലോ പ്രവർത്തിക്കുന്ന എക്സ്റേ യൂണിറ്റുകളിൽ ഏതെങ്കിലും റേഡിയേഷൻ സുരക്ഷാമാനദണ്ഡങ്ങൾ ലംഘിച്ചുവെന്ന് കണ്ടെത്തി പ്രവർത്തനം നിർത്തിവയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കാമോ; | (എ) കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ റേഡിയോഡയഗ്നോസിസ് വിഭാഗത്തിലെ എ റൂമിൽ -ൽ സ്ഥാപിച്ചിരുന്ന 500MA എക്സ് -റേ മെഷീൻ റേഡിയേഷൻ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലായെന്ന് 12.12.2018-ൽ കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡ് നടത്തിയ റെഗുലേറ്ററി പരിശോധനയിൽ കണ്ടെത്തുകയും, മെഷീൻ ശരിയാക്കുവാൻ കഴിയുന്നതല്ലെങ്കിൽ ഡീ-കമ്മീഷൻ ചെയ്യുവാൻ ശിപാർശ ചെയ്യുകയുമുണ്ടായി. പ്രസ്തുത മെഷീൻ 2004-ൽ സ്ഥാപിക്കപ്പെട്ടതും നന്നാക്കുവാൻ സാധിക്കാത്ത വിധം കാലഹരണപ്പെട്ടതും ആയതിനാൽ പൊളിച്ചു മാറ്റുവാൻ തീരുമാനിക്കുകയും ചെയ്തു. |

| | |
|---|---|
| (ബി) സർക്കാർ/സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന റേഡിയേഷൻ രോഗനിർണ്ണയ സംവിധാനങ്ങൾ, റേഡിയേഷൻ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ? | (ബി) മറ്റു സംസ്ഥാനങ്ങളിലേതു പോലെ കേരളത്തിലും റേഡിയേഷൻ സുരക്ഷാ പരിശോധനകൾ കേന്ദ്ര ആണവോർജ്ജ നിയന്ത്രണബോർഡിന്റെ (എ.ഇ.ആർ.ബി ) വിദഗ്ധർ നടത്തുമെന്ന് എ.ഇ.ആർ.ബി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. റേഡിയേഷൻ സുരക്ഷാ വീഴ്ചകൾ സംബന്ധിച്ച് റേഡിയേഷൻ സുരക്ഷാ കാര്യാലയം ഡയറക്ടർക്ക് ലഭിക്കുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ റേഡിയേഷൻ സുരക്ഷാ കാര്യാലയം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**